## അനുസ്മരണം

# സ്മിതു കോത്താരി

**മേധാപട്ക്കർ**

സ്മിതു കോത്താരിയുടെ ആജീവനാന്ത ജനകീയ പർത്തനങ്ങൾക്ക് എൻ. ബി. എ.യുടെ പ്രണാമം.

പുത്തൻ കൊളോണിയലിസത്തിനും ആഗോളീകരണ-ഉദാരീകരണ- സാവകാര്യവൽക്കരണ അജണ്ടകൾക്കും എതിരെയുള്ള ജനകീയജിഹ്വയുടെ വക്താവായിരുന്ന സ്മിത് കോത്താരി (59 വയസ്സ്)യുടെ അകാല വിയോഗത്തിൽ മറ്റുള്ളവർക്കൊപ്പം നർമ്മദാ ആന്ദോളനും പങ്കുചേരുന്നു. കോർണെൽ, പ്രിൻസ്റ്റൺ തുടങ്ങിയ സർവ്വകലാശാലകളിൽ വിസിറ്റിങ് പ്രൊഫസറും, സമകാലീനസാമൂഹ്യ രാഷ്ട്രീയ -സാമ്പത്തിക രംഗങ്ങളിൽ ഉന്നതശീർഷനുമായ സ്മിതു കോത്താരി ഹൃദയശസ്ത്രക്രിയക്കു ശേഷം സംഭവിച്ച സ്ട്രോക്കിനെ തുടർന്നാണ് ഡെൽഹിയിലെ AIIMSൽ വച്ച് അന്തരിച്ചത്.

മാർച്ച് 20-ാം തിയ്യതി വൈകീട്ട് ഡൽഹി സോളിഡാരിറ്റി ഗ്രൂപ്പും ഹിമാലയ നീതി അഭിയാനുമായുള്ള യോഗത്തിൽ പങ്കെടുക്കവേ ഗുരുതരമായ ഹൃദ്രോഗബാധയെത്തുടർന്നാണ് അദ്ദേഹത്തെ ആസ്പത്രിയിൽ പ്രവേശിപ്പിച്ചത്. ഇ. സി. ജി. പരിശോധനയിൽ അസ്വാഭാവികമായി ഒന്നും കാണാതിരുന്നതിനാൽ അന്നുതന്നെ ഡിസ്ചാർജ് ചെയ്യപ്പെട്ടിരുന്നു. എന്നാൽ ഒരു ദിവസത്തിനുശേഷം വീണ്ടും അസ്വസ്ഥതയെ തുടർന്ന് ആസ്പത്രിയിലാക്കപ്പെട്ട അദ്ദേഹത്തിന് ശസ്ത്രക്രിയ ആവശ്യമായി വരികയായിരുന്നു.

'ലോകായൻ', ഇന്റർകൾച്ചറൽ റിസോഴ്സസ് എന്നീ സംഘടനകളുടെ (പാർട്ടി ഇതരരാഷ്ട്രീയ സംവാദത്തിനുള്ള ഇന്ത്യയിലേയും വിദേശത്തേയും പ്രശസ്തരുൾക്കൊള്ളുന്ന ഡൽഹിയിലെ രണ്ടു കേന്ദ്രങ്ങൾ) സ്ഥാപകരിലൊരാളെന്ന നിലയിൽ, പരിസ്ഥിതി, സംസ്കാരം, മനുഷ്യാവകാശം തുടങ്ങിയ മേഖലകളിൽ വളരെ സജീവമായിരുന്നു അദ്ദേഹം. ഈ രംഗങ്ങളിലം പ്രശ്നപരിഹാരങ്ങൾക്ക് സാമൂഹ്യനീതിയ്ക്കും പരിസ്ഥിതി സമ്പ്രദായങ്ങൾക്കും വിധേയമായ ആഗോളദേശീയ ബദലുകൾക്ക് അദ്ദേഹം എപ്പോഴും ശ്രമിച്ചുകൊണ്ടിരുന്നു. വികസനത്തിന്റെ പേരിലുള്ള കുടിയിറക്കൽ, സാമൂഹ്യ പാരിസ്ഥിതിക മുന്നേറ്റങ്ങൾ എന്നിവ അദ്ദേഹത്തിന്റെ മുഖ്യ വിഷയങ്ങളിൽ ചിലതാണ്. 2007ൽ ലോകബാങ്ക് ആഭിമുഖ്യത്തിൽ ഇന്ത്യയിൽ നടന്ന സ്വതന്ത്ര ജനകീയ ട്രിബ്യൂണലിന്റെ മുഖ്യചാലകശക്തിയായിരുന്നു അദ്ദേഹം.

ഏറെക്കാലമായി കർഷക ആദിവാസി തൊഴിലാളി മേഖലകളിലെ ചൂഷണത്തിനെതിരെ ശബ്ദമുയർത്തിക്കൊണ്ടിരുന്ന ശ്രീ. കോത്താരി നർമ്മദ താഴ്വരയിലെ പദ്ധതി ബാധിതരുടെ പ്രശ്നനിവാരണത്തിനുവേണ്ടി ഇന്ത്യയിലും പുറത്തുമുള്ള അനവധി വേദികളിൽ അദ്ദേഹം വാദിച്ചിട്ടുണ്ട്.

സ്നേഹമയിയായ ഈ മനുഷ്യൻ ഇന്ത്യയിലെ ജനകീയ പ്രവർത്തകർക്കു മാത്രമല്ല, മുഴുവൻ ലോകത്തെയും ബദൽ മുന്നേറ്റങ്ങൾക്ക് പ്രചോദനമായിരുന്നു. അദ്ദേഹത്തിന്റെ സഹപ്രവർത്ത്കരോടും കുടുംബാംഗങ്ങളേയും എൻ. ബി. എ.യുടെ ഹൃദയപൂർവ്വമായ അനുശോചനം അറിയിച്ചുകൊള്ളുന്നു. വ്യത്യസ്തങ്ങളായ ജനകീയ സമരങ്ങൾക്കുള്ള അദ്ദേഹത്തിന്റെ ഇതപര്യന്തമുള്ള അമൂല്യങ്ങളായ സംഭാവനകൾക്ക് ഞങ്ങളുടെ പ്രണാമം. സാമൂഹ്യനീതിയ്ക്കായുള്ള ഭാവി പ്രവർത്തനങ്ങൾക്കായി അദ്ദേഹത്തിന്റെ സന്ദേശം ഉയർത്തിപ്പിടിച്ചുകൊണ്ട് മുന്നോട്ടു പോകുമെന്ന് ഈ സമയത്ത് ഞങ്ങൾ ഉറപ്പു തരുന്നു.

